എൽ.ആർ.(ഇ)1- 231/20

ലാൻഡ് റവന്യു കമ്മീഷണറുടെ കാര്യാലയം
പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജങ്ഷൻ
തിരുവനന്തപുരം, തീയതി : 20.05.2020.

## സർക്കുലർ

സർ,

വിഷയം: കോവിഡ് 19- വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ, നിയന്ത്രണങ്ങൾ, ഓഫീസ് പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച്

സൂചന: സർക്കാർ ഉത്തരവ്(കൈ) നമ്പർ 99/2020 പൊ.ഭ.വ തീയതി 18.05.2020

......

കോവിഡ് 19 നിർവ്യാപന പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് രാജ്യത്ത് നിലനിൽക്കുന്ന ലോക്ക് ഡൗൺ മെയ് 31 വരെ നീട്ടിയ സാഹചര്യത്തിൽ റവന്യൂ ഓഫീസുകളിലെ ജോലിസമയം, ഹാജർ എന്നിവ ക്രമീകരിക്കുന്നതിന് സൂചന പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ അവശ്യ സർവീസായി പ്രഖ്യാപിച്ചിട്ടുള്ള റവന്യൂ വകുപ്പിലെ എല്ലാ ഓഫീസുകളും ചുവടെ ചേർക്കുന്ന നിർദേശങ്ങളോടെയാണ് പ്രവർത്തിക്കുന്നതെന്ന് ജില്ലാ കലക്ടർമാർ/ഓഫീസ് മേധാവികൾ ഉറപ്പ് വരുത്തണമെന്ന നിർദേശത്തോടെ മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. മേൽ സർക്കാർ ഉത്തരവിൽ നിർദേശിച്ച പ്രകാരം 50 ശതമാനത്തിൽ കുറയാത്ത ജീവനക്കാർ ജോലിക്ക് ഹാജരാകുന്നുണ്ടെന്ന് ഓഫീസ് മേധാവികൾ ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ റവന്യൂ സർവീസ് അവശ്യ സർവീസായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ മേൽ നിയന്ത്രണങ്ങൾ കൂടാതെ പൊതുജന സേവനം ഉറപ്പ് വരുത്തുന്നതിനും ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനും ആവശ്യമായ ജീവനക്കാരോടെ പ്രവർത്തിക്കാവുന്നതാണ്. കൂടാതെ ശേഷിക്കുന്ന ജീവനക്കാർ വീട്ടിലിരുന്ന് ഔദ്യോഗിക കൃത്യങ്ങൾ നിർവഹിക്കേണ്ടതും ഓഫീസ് മേധാവി ആവശ്യപ്പെടുന്ന സമയത്ത് ഓഫീസിൽ ഹാജരാകേണ്ടതുമാണ്.
2. സമീപ ജില്ലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഔദ്യോഗിക ആവശ്യങ്ങൾക്ക് യാത്ര ചെയ്യാവുന്നതും ഇതിനായി തിരിച്ചറിയൽ രേഖ ഉപയോഗിക്കേണ്ടതുമാണ്. കൂടാതെ സ്ഥിരമായി ജില്ല വിട്ട് യാത്ര ചെയ്യുന്നവർ ഓഫീസ് മേധാവിയുടെ സാക്ഷ്യപത്രം കൈയ്യിൽ കരുതേണ്ടതുമാണ്.

Scanned with CamScanner

Scanned with CamScanner

3. ലോക്ഡൗൺ പ്രഖ്യാപിച്ചതിന് ശേഷം ഓഫീസിൽ ഹാജരാകാൻ സാധിക്കാത്ത റവന്യൂ ജീവനക്കാർ ജോലി ചെയ്യുന്ന ജില്ലകളിലേക്ക് അടിയന്തരമായി മടങ്ങേണ്ടതും എന്നാൽ ഇപ്രകാരം യാത്ര ചെയ്യാൻ കഴിയാത്ത ജീവനക്കാർ ഉണ്ടെങ്കിൽ ആയത് അതാത് ജില്ലാ കലക്ടറുടെ മുമ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതും ജില്ലാ കലക്ടർമാർ കോവിഡ് 19 നിർവ്യാപന പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കോ ജില്ലാ കലക്ടറേറ്റുകളിലേക്കോ മറ്റ് സേവനങ്ങൾക്കോ ഇവരുടെ സേവനം ഉപയോഗിക്കേണ്ടതാണ്. ലോക്ക്ഡൗൺ നിയന്ത്രണങ്ങളാൽ മറ്റ് ജില്ലകളിൽ താമസിക്കുന്ന, നാളിതുവരെ ജോലിക്ക് ഹാജരാകാത്ത റവന്യൂ ജീവനക്കാരുടെ വിവരങ്ങൾ ബന്ധപ്പെട്ട ജില്ലാ കലക്ടർമാർ അവർ താമസിക്കുന്ന ജില്ലയിലെ ജില്ലാകലക്ടർമാരെ അറിയിക്കേണ്ടതാണ്. കൂടാതെ ടി ജീവനക്കാർ താമസിക്കുന്ന ജില്ലകളിലെ ജില്ലാ കലക്ടറേറ്റുകളിൽ റിപ്പോർട്ട് ചെയ്തു എന്നുള്ള വിവരം ജോലി നോക്കുന്ന ജില്ലകളിലെ ജില്ലാ കലക്ടർമാരെ അറിയിക്കേണ്ടതുമാണ്.
4. മേൽ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3 പ്രകാരമുള്ള കോവിഡ് 19 നിർവ്യാപനവുമായി ബന്ധപ്പെട്ട് ജോലി സ്ഥലങ്ങളിൽ പാലിക്കേണ്ട മാർഗ്ഗ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ജോലി സ്ഥലങ്ങളിൽ പ്രവർത്തിക്കേണ്ടതാണ്.
5. എല്ലാ ജില്ലകളിലും ആവശ്യമെങ്കിൽ ഈ മാർഗ നിർദേശങ്ങൾക്ക് ഉപരിയായുള്ള നിയന്ത്രണങ്ങൾ ഉൾപ്പെടുത്തുവാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

മേൽ നിർദേശങ്ങൾ സംസ്ഥാന സർക്കാരിൽ നിന്നും യഥാസമയം ലഭിക്കുന്ന ഉത്തരവുകൾക്കും നിർദേശങ്ങൾക്കും അനുസരണമായി ക്രമീകരിക്കുന്നതിന് ജില്ലാ കലക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
**കമ്മീഷണർ**

എല്ലാ ജില്ലാ കലക്ടർമാർക്കും

**അംഗീകാരത്തോടെ**

**അസിസ്റ്റന്റ് കമമീഷണർ (ആർ.ഇ.)**

Scanned with CamScanner

Scanned with CamScanner

III കോവിഡ്-19 നിർവ്യാപനവുമായി ബന്ധപ്പെട്ട് ജോലിസ്ഥലങ്ങളിൽ പാലിക്കേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ

1. ജോലിസ്ഥലങ്ങളിൽ മാസ്കുകൾ നിർബന്ധമായും ധരിക്കേണ്ടതാണ്.
2. ലോക്ക്ഡൗൺ മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള സാമൂഹിക അകലം, ശുചിത്വ രീതികൾ എന്നിവ ആളുകൾ കർശനമായി പാലിക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
3. ഡ്യൂട്ടി ഷിഫ്റ്റുകൾക്കിടയിലുള്ള സമയം, ഉച്ചഭക്ഷണത്തിനുള്ള സമയം എന്നിവ ക്രമീകരിച്ച് സാമൂഹിക അകലം ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്.
4. തെർമൽ സ്കാനിംഗ്, ഹാന്റ് വാഷ്, സാനിറ്റൈസർ എന്നിവ എല്ലാ എൻട്രി/എക്സിറ്റ് പോയിന്റുകളിലും പൊതുഇടങ്ങളിലും ഉപയോഗിക്കേണ്ടതാണ്. മതിയായ അളവിലുള്ള ഹാന്റ് വാഷ്, സാനിറ്റൈസർ എന്നിവ ജോലിസ്ഥലങ്ങളിൽ ലഭ്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
5. ജോലിസ്ഥലങ്ങൾ ഇടയ്ക്കിടെ അണുവിമുക്തമാക്കേണ്ടതാണ്. എൻട്രി/എക്സിറ്റ് പോയിന്റുകൾ, ഡോറുകൾ, ലിഫ്റ്റുകൾ, ടോയ്‌ലറ്റുകൾ തുടങ്ങിയവ ഓരോ ഷിഫ്റ്റ് കഴിയുമ്പോഴും അണുവിമുക്തമാക്കേണ്ടതാണ്.
6. ജോലിസ്ഥലങ്ങളിൽ വലിയ മീറ്റിംഗുകൾ ഒഴിവാക്കേണ്ടതാണ്.
7. ജോലിസ്ഥലങ്ങൾക്ക് സമീപമുള്ള കോവിഡ് കെയർ സെന്ററുകൾ/ഹോസ്പിറ്റലുകൾ എന്നിവ സംബന്ധിച്ച ഒരു ലിസ്റ്റ് സ്ഥാപനങ്ങളിൽ കരുതേണ്ടതാണ്. ഏതെങ്കിലും ജീവനക്കാരൻ കോവിഡ് 19 രോഗലക്ഷണങ്ങൾ കാണിക്കുകയാണെങ്കിൽ ഉടൻതന്നെ ടിയാനെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇത്തരത്തിലുള്ള ജീവനക്കാരെ ആശുപത്രിയിലേയ്ക്ക് മാറ്റുന്നതുവരെയുള്ള സമയം ക്വാറന്റൈൻ ചെയ്യുവാനായി ഒരു പ്രത്യേക കേന്ദ്രം മുൻകൂറായി തയ്യാറാക്കിവയ്ക്കേണ്ടതാണ്.
8. സ്വകാര്യ/പൊതു ഗതാഗതം ഇല്ലാത്തയിടങ്ങളിൽ ജീവനക്കാരെ സ്ഥാപനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി സാമൂഹിക അകലം പാലിച്ചുകൊണ്ടുള്ള ഗതാഗത സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.
9. ശരിയായ ശുചിത്വ മാർഗ്ഗങ്ങളെക്കുറിച്ച് പരിശീലനവും ബോധവൽക്കരണവും നടത്തേണ്ടതാണ്.

Scanned with CamScanner

Scanned with CamScanner